"ഭരണഭാഷ മാതൃഭാഷ"

സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ്,
തിരുവനന്തപുരം, വികാസ്ഭവൻ,
തീയതി: 09-10-2017

നം.ഇ.എ.ആർ.എ.എസ് /എ1/9635/2017/ഡിഇഎസ്(2)

## ക്വട്ടേഷൻ നോട്ടീസ്

2017-18 സാമ്പത്തിക വർഷത്തെ ഇ.എ.ആർ.എ.എസ് ഇൻസർവ്വീസ് പരിശീലനവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥർക്ക് നൽകുന്നതിനായി താഴെ പറയുന്ന പരിശീലന സാമഗ്രികൾ ലഭ്യമാക്കുന്നതിന് മുദ്രവെച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു.

| ക്രമ. നം. | സാധന/സാമഗ്രികളുടെ വിവരങ്ങൾ | എണ്ണം |
|---|---|---|
| 1 | ഫയൽ ഫോൾഡർ (സാമാന്യം നല്ല നിലവാരമുള്ളത്) | 75 |
| 2 | എഴുതുന്നതിനുള്ള പാഡ് (സാമാന്യം നല്ല നിലവാരമുള്ളത്) | 75 |
| 3 | സാധാരണ ഇനം പേന (സാമാന്യം നല്ല നിലവാരമുള്ളത്) | 75 |

മേൽ പറഞ്ഞ സാധനങ്ങൾക്ക് ഒരിമിച്ചോ പ്രത്യേകമായോ ക്വട്ടേഷനുകൾ നൽകാവുന്നതാണ്. ക്വട്ടേഷനുകളിൽ എല്ലാനികുതികളും ഉൾപ്പെടെയുള്ള നിരക്കാണ് രേഖപ്പെടുത്തേണ്ടത്.

മുദ്രവെച്ച ക്വട്ടേഷനുകൾ, ഡയറക്ടർ ജനറൽ, എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം എന്ന വിലാസത്തിൽ **20/10/2017** ന് വൈകിട്ട് **3.00** മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. വ്യക്തമായ മേൽവിലാസം എഴുതാത്ത ക്വട്ടേഷനുകളും, നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ നിരുപാധികം നിരസിക്കുന്നതുമാണ്.

ഈ ആഫീസിൽ നിർദ്ദിഷ്ട സമയത്തിനകം ലഭിക്കുന്ന ക്വട്ടേഷനുകൾ **20/10/2017** ന് വൈകിട്ട് **4.00** മണിക്ക് ഹാജരായിട്ടുള്ള ക്വട്ടേഷൻകാരുടേയോ അവരുടെ അംഗീകൃത പ്രതിനിധികളുടേയോ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷൻ സ്വീകരിക്കുന്നതുമാണ്. എന്നാൽ യാതൊരു കാരണവും പറയാതെ ക്വട്ടേഷനുകൾ നിരസിക്കുന്നതിന് ഡയറക്ടർ ജനറലിന് അധികാരം ഉണ്ടായിരിക്കും. ക്വട്ടേഷനുകൾ തുറക്കുന്ന ദിവസം പൊതു അവധി പ്രഖ്യാപിച്ചാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം ഇതേ സമയത്ത് ക്വട്ടേഷനുകൾ തുറക്കുന്നതാണ്.

സ്വീകാര്യമായ ക്വട്ടേഷനുകൾ സമർപ്പിച്ചിട്ടുള്ള വ്യക്തികൾ ക്വട്ടേഷൻ നോട്ടീസിലെ ക്രമ നമ്പർ 1 മുതൽ 3 വരെ പറഞ്ഞിട്ടുള്ള സാധനങ്ങൾ ഡയറക്ടർ ജനറൽ പുറപ്പെടുവിക്കുന്ന ഉത്തരവിൽ പറയുന്ന സ്ഥലത്തും സമയത്തും സ്വന്തം ചെലവിൽ കേടുകൂടാതെ വിതരണം ചെയ്യേണ്ടതാണ്. ക്വട്ടേഷനിൽ പറഞ്ഞ തുകയുടെ ടാക്സ് ഉൾപ്പെടെയുള്ള തുകയ്ക്ക് ഇൻവോയ്സ്/ബിൽ (3 പകർപ്പുകൾ) സമർപ്പിക്കേണ്ടതാണ്. ബില്ലുകൾ പാസ്സാക്കി തുക അനുവദിച്ചുകിട്ടുന്ന മുറയ്ക്ക് തുക ക്യാഷ് ആയോ/ബാങ്ക് അക്കൗണ്ട് വഴിയോ നൽകുന്നതുമായിരിക്കും. ഈ ഇനത്തിൽ മുൻകൂർ തുക അനുവദിക്കുന്നതല്ല.

കൂടുതൽ വിവരങ്ങൾക്ക് ആഫീസ് സമയത്ത് ഈ ആഫീസിലെ ഇ.എ.ആർ.എ.എസ് സെക്ഷനുമായി ബന്ധപ്പെണ്ടേതാണ്.

Ramachandran V

**ഡയറക്ടർ ജനറൽ**

ecostatdir@gmail.com
Phone: 0471-2305318

പകർപ്പ്: (1) നോട്ടീസ് ബോർഡ്
(2) ഡെപ്പ്യൂട്ടി ഡയറക്ടർ(കമ്പ്യൂട്ടർ ഡിവിഷൻ)-വെബ്സൈറ്റിൽ നൽകുന്നതിനായി)